ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. എഫ് 6/5296/2022/മെ.വി.വ.** **25/11/2022**

സ്വീകർത്താവ്,

പ്രിൻസിപ്പാൾ
സർക്കാർ മെഡിക്കൽ കോളേജ്
തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/കോന്നി/കോട്ടയം/ഇടുക്കി/എറണാകുളം/
തൃശ്ശൂർ/കോഴിക്കോട്/മഞ്ചേരി/കണ്ണൂർ/വയനാട്/കാസർഗോഡ്.

മാഡം,

വിഷയം : മെ.വി.വ – ജീവനക്കാര്യം – മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നെഫ്രോളജി, ഇൻഫെക്ഷ്യസ് ഡിസീസ് , ഫിസിക്കൽ മെഡിസിൻ &റീഹാബിലിട്ടേഷൻ ,ന്യൂക്ലിയർ മെഡിസിൻ ,സർജിക്കൽ ഗാസ്ട്രോ എന്റെറോളജി ,പൾമണറി മെഡിസിൻ, ജെനിറ്റോ യുറിനറി സർജറി , കാർഡിയോ വാസ്കുലർ & തൊറാസിക്ക് സർജറി ,പ്ലാസ്റ്റിക് &റീകൺസ്ട്രക്ടീവ് സർജറി , റേഡിയോ തെറാപ്പി വിഭാഗങ്ങളിലെ 31.12.2005 പ്രാബല്യത്തിലുള്ള സീനിയർ ലക്ചറർമാരുടെ താൽക്കാലിക സീനിയോരിറ്റി പട്ടികകൾ പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന : സർക്കാർ കത്ത് നം.S2/98/2018-ആരോഗ്യം, തിയതി. 28/10/2022

ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16/03/2022 തിയതിയിലെ പൊതുവായുള്ള ഉത്തരവിന്റെയും ബഹു കേരളാ ഹൈക്കോടതിയുടെ 19/07/2022 തിയതിയിലെ ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗങ്ങളിലെ 31.12.2005 പ്രാബല്യത്തിലുള്ള സീനിയർ ലക്ചറർമാരുടെ അന്തിമ സീനിയോരിറ്റി പട്ടികകൾ അടിയന്തിരമായി തയ്യാറാക്കി നൽകുന്നതിന് സൂചന കത്ത് പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നെഫ്രോളജി, ഇൻഫെക്ഷ്യസ് ഡിസീസ് , ഫിസിക്കൽ മെഡിസിൻ &റീഹാബിലിട്ടേഷൻ ,ന്യൂക്ലിയർ മെഡിസിൻ ,സർജിക്കൽ ഗാസ്ട്രോ എന്റെറോളജി ,പൾമണറി മെഡിസിൻ, ജെനിറ്റോ യുറിനറി സർജറി , കാർഡിയോ വാസ്കുലർ & തൊറാസിക്ക് സർജറി ,പ്ലാസ്റ്റിക് &റീകൺസ്ട്രക്ടീവ് സർജറി , റേഡിയോ തെറാപ്പി വിഭാഗങ്ങളിലെ 31.12.2005 പ്രാബല്യത്തിലുള്ള സീനിയർ ലക്ചറർമാരുടെ താൽ ക്കാലിക സീനിയോരിറ്റി പട്ടികകൾ ഇ-മെയിലായി ഇതോടൊപ്പം അയക്കുന്നതോടൊപ്പം വെബ് സൈറ്റായ **www.dme.kerala.gov.in**-ലും പ്രസിദ്ധീകരിക്കുന്നു. ആയത് ടി വിഭാഗങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർമാർക്ക് സർക്കുലേറ്റ് ചെയ്യുകയും, ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകളോ, കൂട്ടിച്ചേർക്കലുകളോ, പരാതികളോ ഉണ്ടെങ്കിൽ ആയവ രേഖാമൂലം **01/12/2022** തിയതിക്ക് മുൻപായി **f1sectiondme@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ

അയക്കുന്നതോടൊപ്പം അസ്സൽ രേഖകൾ തപാൽ മാർഗവും അയക്കേണ്ടതാണ്. പ്രസ്തുത തിയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ടി വിഷയത്തിന്മേൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം ആയതിന്റെ പരിപൂർണ ഉത്തരവാദിത്തം പ്രിൻസിപ്പാൾമാർക്കും ഫാക്കൽറ്റികൾക്കും മാത്രമായിരിക്കും എന്നും ഇതോടൊപ്പം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by THOMAS MATHEW
Date: 2022.11.25 08:09:18 IST
Reason: Approved
Location: THIRUVANANTHAPURAM

THOMAS MATHEW
DIRECTOR

ഉള്ളടക്കം: നെഫ്രോളജി, ഇൻഫെക്ഷ്യസ് ഡിസീസ് , ഫിസിക്കൽ മെഡിസിൻ &റീഹാബിലിട്ടേഷൻ ,ന്യൂക്ലിയർ മെഡിസിൻ ,സർജിക്കൽ ഗാസ്ട്രോ എന്ററോളജി ,പൾമണറി മെഡിസിൻ, ജെനിറ്റോ യുറിനറി സർജറി , കാർഡിയോ വാസ്കുലർ & തൊറാസിക്ക് സർജറി ,പ്ലാസ്റ്റിക് &റീകൺസ്ട്രക്റ്റീവ് സർജറി , റേഡിയോ തെറാപ്പി വിഭാഗങ്ങളിലെ **31.12.2005** പ്രാബല്യത്തിലുള്ള സീനിയർ ലക്ചറർമാരുടെ താൽക്കാലിക സീനിയോരിറ്റി പട്ടികകൾ